# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2338 — 23.01.2014-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ. കെ. അജിത്

**മറുപടി**

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

**2013-14 സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റ് വിഹിതമായി നൽകിയ തുക**

| | | |
|---|---|---|
| (എ) | 2013-14 സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റ് വിഹിതമായി എന്തു തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ; | 3280.8737 കോടി രൂപ |
| (ബി) | പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചിലവഴിച്ചിട്ടുണ്ടോ; എങ്കിൽ കൂടുതൽ തുക അനുവദിക്കേണ്ടതാണെന്ന് വിലയിരുത്തുന്നുണ്ടോ; | ചില ഇനങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ അധിക തുക അനുവദിച്ചു വരുന്നു. |
| (സി) | പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റിൽ അനുമതി നൽകിയതിനേക്കാൾ കൂടുതലായി വിവിധ പദ്ധതികൾക്ക് കൂടുതൽ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ പദ്ധതികൾ ഏതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഓരോ ജില്ലയ്ക്കും കൂടുതലായി അനുവദിച്ച തുകയും വ്യക്തമാക്കുമോ; | പൊതുമരാമത്ത് വകുപ്പിന് വിവിധ ശീർഷകങ്ങളിലായി വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് ബഡ്ജറ്റിന്റെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം 1 ൽ ഉൾപ്പെട്ടിട്ടുള്ള ഭരണാനുമതി ലഭിച്ച ജോലികൾക്കുള്ള തുകയും ചീഫ് എഞ്ചിനീയറുടെ മൊത്ത തുകയും കൂടി ഉൾപ്പെടുത്തിയാണ്. ഇതിൽ ചീഫ് എഞ്ചിനീയറുടെ മൊത്തതുക ജില്ലാടിസ്ഥാനത്തിലല്ല വകയിരുത്തുന്നത്. കൂടാതെ 01.03.2013-ലെ സ.ഉ(പി)110/13/ധന സർക്കാർ ഉത്തരവ് പ്രകാരം ഓരോ ശീർഷകത്തിലും |

| | | |
|---|---|---|
| | | വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ 150% ൽ അധികരിക്കാത്ത തുകയ്ക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ഭരണ വകുപ്പിനും ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും അനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ അനുബന്ധം 2, വാല്യം 1 ൽ ഉൾപ്പെട്ട ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് ഉപരിയായി 2013-14 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1-ൽ കാണാവുന്നതാണ്. |
| (ഡി) | പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച തുക പൊതു ബഡ്ജറ്റിലെ എത്ര ശതമാനം തുകയാണെന്ന് വ്യക്തമാക്കുമോ? | 4.07% |

Bindu
സെക്ഷൻ ഓഫീസർ